പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 779 27.04.2017 ൽ മറുപടിക്ക്

## വൈഗാ ത്രഡ്സ് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പാട്ടത്തിനു നൽകിയ സ്ഥലത്ത് പ്രവർത്തിച്ചു വന്നിരുന്ന ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ വൈഗാ ത്രഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനും, കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അർഹമായ കോമ്പൻസേഷനുകൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഇത് സംബന്ധിച്ച നടപടികൾ സർക്കാരിലെ വ്യവസായ, റവന്യൂ വകുപ്പുകൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും വൈഗാ ത്രഡ്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി മുഴുവനായും സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. M/s. വൈഗ ത്രഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഇതിനകം അടച്ചു പൂട്ടികഴിഞ്ഞതും സ്ഥാപനത്തിന്റെ Assets and effects ബഹു. കർണ്ണാടക ഹൈക്കോടതിയുടെ 05.03.2015 ലെ കമ്പനി പെറ്റീഷൻ നം. 90/08 ഉത്തരവിന്റെ അടിസ്ഥാനത്തിൽ Official Liquidator of Karnataka യുടെ സംരക്ഷണത്തിലായിട്ടുള്ളതുമാണ്. കമ്പനിക്കെതിരെ claim petition ബഹു. കർണ്ണാടക ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുവേണ്ടി counsel നെ ചുമതലപ്പെടുത്തുന്ന വിഷയം അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയിലാണ്.<br><br>ഈ വിഷയത്തിൽ സർക്കാർ താല്പര്യവും തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിന് ഒരു വ്യക്തമായ നിർദ്ദേശം ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കുന്നതിനായി കർണ്ണാടകാ ഹൈക്കോടതിയിൽ ഒരു അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന് ലഭിക്കേണ്ട എല്ലാ തുകയും ഈടാക്കുന്നതിന് എല്ലാ വകുപ്പുകളുടേയും ഒരു യോഗം |

| | |
|---|---|
| | ക്കുടുകയും അതു പ്രകാരം കമ്പനിയിൽ നിന്നും സർക്കാരിന് ലഭിക്കേണ്ട ബാദ്ധ്യതകൾ സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഒഫിഷ്യൽ ലിക്വിഡേറ്റർ മുൻപാകെ സമർപ്പിക്കുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം ചുമതലപ്പെടുത്തിയ അഡ്വക്കേറ്റിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാമോ? | |

**സെക്ഷൻ ഓഫീസർ**